അല്ലാഹുവിന്റെ റസൂലേ! സഅ്ദിന്റെ ഉമ്മ മരണപ്പെട്ടിരിക്കുന്നു . അതിനാൽ (അവർക്കായി നൽകാവുന്ന) ഏറ്റവും ശ്രേഷ്ഠമായ സ്വദഖഃ ഏതാണ്? നബി -ﷺ- പറഞ്ഞു: "വെള്ളമാണ്." അങ്ങനെ സഅ്ദ് ഒരു കിണർ കുഴിക്കുകയും, ഇത് സഅ്ദിന്റെ ഉമ്മക്ക് വേണ്ടിയാണ് എന്ന് പറയുകയും ചെയ്തു

സഅ്ദ് ബ്നു ഉബാദഃ -رَضِيَ اللَّهُ عَنْهُ- നിവേദനം: അല്ലാഹുവിന്റെ റസൂലേ! സഅ്ദിന്റെ ഉമ്മ മരണപ്പെട്ടിരിക്കുന്നു . അതിനാൽ (അവർക്കായി നൽകാവുന്ന) ഏറ്റവും ശ്രേഷ്ഠമായ സ്വദഖഃ ഏതാണ്? നബി -ﷺ- പറഞ്ഞു: "വെള്ളമാണ്." അങ്ങനെ സഅ്ദ് ഒരു കിണർ കുഴിക്കുകയും, ഇത് സഅ്ദിന്റെ ഉമ്മക്ക് വേണ്ടിയാണ് എന്ന് പറയുകയും ചെയ്തു.

[حسن بمجموع طرقه] [رواه أبو داود والنسائي وابن ماجه]

സഅ്ദ് ബ്നു ഉബാദഃ -رَضِـيَ اللَّـهُ عَنْـهُ- ന്റെ ഉമ്മ മരണപ്പെട്ടപ്പോൾ നബി -ﷺ- യോട് സഅ്ദ് തന്റെ ഉമ്മക്ക് വേണ്ടി ചെയ്യാവുന്ന ഏറ്റവും ശ്രേഷ്ഠമായ സ്വദഖഃയെ കുറിച്ച് അന്വേഷിച്ചു . ഏറ്റവും ശ്രേഷ്ഠമായ സ്വദഖഃ വെള്ളം നൽകലാണ് എന്നായിരുന്നു നബി -ﷺ- യുടെ മറുപടി. അദ്ദേഹം തന്റെ ഉമ്മക്ക് വേണ്ടിയുള്ള ദാനമായി ഒരു കിണർ കുഴിക്കുകയും ചെയ്തു.

http://sunnah.global/hadeeth/ml/show/65613